**18th November 2015 / Wednesday** **24th day of 90 days**

***വിശുദ്ധ യോഹന്നാൻ 17:3***

***'ഏകസത്യദൈവമായ അവിടുത്തെയും അങ്ങ് അയച്ച യേശുക്രിസ്തുവിനെയും അറിയുക എന്നതാണ് നിത്യജീവൻ'***

സകലർക്കും സുപരിചയമായ ഒരു വാക്കാണ് നിത്യജീവൻ. നമ്മുടെ ശ്വാസം / ജീവശ്വാസം ആണ് ജീവൻ / നിത്യജീവൻ എന്നു വിചാരിക്കാതെ ആത്മീയമായ ജീവൻ ആണ് പ്രധാനം എന്നു കരുതുക. എന്താണ് നിത്യജീവൻ? വളരെ ലളിതമായ ഭാഷയിൽ യോഹന്നാൻ ശ്ലീഹാ പറയുന്നു, ' ഏകസത്യമായ പിതാവിനെയും അവിടുന്ന് അയച്ച യേശുക്രിസ്തുവിനെയും അറിയുക' എന്നതാണ് നിത്യജീവൻ. ദൈവം ഏകമാണ്, സത്യമാണ്, പിതാവാണ്. ഈ ഭൂമിയിൽ അനേക ദൈവങ്ങൾ ഉണ്ടായാലും സകലവും സൃഷ്ടിച്ച പിതാവായ ദൈവം ഏകമാണ്. അവൻ നമ്മുടെ പിതാവാണ്. നാം അവന്റെ മക്കളുമാണ്. നാം പിതാവായ ദൈവത്തിന്റെ മക്കളാണോ? ദൈവമക്കളാണോ? യേശുക്രിസ്തുവിനെ അയച്ചത് പിതാവാണ്. എന്തിനുവേണ്ടി അയച്ചു? എന്തുകൊണ്ട് അയച്ചു? പാപികളായ നമ്മളെ ഓരോരുത്തരെ വീണ്ടും ജനനത്തിന്റെ അനുഭവത്തിലൂടെ രക്ഷയുടെ മാർഗ്ഗത്തിൽ എത്തിക്കുന്നതിന് തന്റെ ജീവൻ മറുവിലയായി കൊടുത്തു. മക്കളായ നാം യേശുക്രിസ്തുവിന്റെ ഈ വരവിങ്കലിൽ എന്താണ് ചെയ്യേണ്ടത്? പിതാവിനെയും പുത്രനെയും എങ്ങനെ അറിയാൻ സാധിക്കും. ആദ്യമായി, നമ്മെ സൃഷ്ടിച്ചവൻ പിതാവായ ദൈവമാണ്, നമുക്ക് ജീവൻ തന്നത് ജീവന്റെ ഉറവിടമായ യേശുക്രിസ്തുവാണ് എന്ന് അറിയണം. രണ്ടാമതായി സൃഷ്ടിച്ചവന്റെ ആഗ്രഹങ്ങൾ സാധിച്ചുകൊടുക്കുവാനും ലഭിച്ച ജീവൻ ഉപയോഗിച്ച് താലന്തുകളെ വർദ്ധിപ്പിച്ച് തിരികെ ഏൽപ്പിക്കാനും നാം കടപ്പെട്ടവരാണ്. സൃഷ്ടാവും സൃഷ്ടികളും തമ്മിലുള്ള ബന്ധത്തെ തിരിച്ചറിഞ്ഞ് കൂട്ടുവേലയിൽ പങ്കാളിയായി തീർന്ന് പിതാവിനെയും പുത്രനെയും അറിഞ്ഞ് നിത്യജീവനായി നാം പരിശ്രമിക്കേണം. നമ്മുടെ ബോധവിചാരഹൃദയങ്ങളെ നന്മകളാൽ വിശുദ്ധിയോടെ ദിനം തോറും സന്തോഷമായി കഷ്ടങ്ങൾ സഹിച്ചും വഹിച്ചും പുത്രനായ യേശുക്രിസ്തുവിൽ എത്തിക്കുകയെന്നതാണ് നമ്മുടെ കടമ. ഇതിൽ എല്ലാം ദിവസവും നാം വിജയിച്ചു കഴിഞ്ഞാൽ പിതാവിനെയും പുത്രനെയും അറിയാനും പ്രവർത്തിക്കാനും കഴിയും. സത്യവചനത്തിലൂടെ, ദൈവകൃപയാൽ പിതാവിനെയും പുത്രനെയും പരിശുദ്ധാത്മാവിനെയും അറിഞ്ഞ് നിത്യജീവൻ പ്രാപിക്കാം.